കായംകുളം നിലയത്തിലെ വൈദ്യുതിയ്ക്ക് നൽകുന്ന തുക

139 (922)ശ്രീ. ആര്യാടൻ മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിൽ ഉൽപ്പാദിപ്പിക്കുന്ന വൈദ്യുതിക്ക് ഒരു യൂണിറ്റിന് വൈദ്യുതിബോർഡ് നൽകുന്ന തുക എത്രയെന്ന് വെളിപ്പെടുത്തുമോ;

(ബി) കായംകുളം താപനിലയത്തിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ചാലും ഇല്ലെങ്കിലും ശരാശരി ഉൽപ്പാദനം നടന്നതായി കണക്കാക്കി എൻ.ടി.പി.സിക്ക് പണം നൽകണമെന്നതു സംബന്ധിച്ച് എന്തെങ്കിലും കരാർ നിലവിലുണ്ടോ;

(സി) എങ്കിൽ ഈ കരാർ എന്നു നിലവിൽവന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) നാഫ്ത ഇന്ധനമായുള്ള നിലയങ്ങളിൽ വൈദ്യുതി ഉൽപ്പാദിപ്പിച്ചില്ലെങ്കിൽ പണം കൊടുക്കേണ്ടതില്ലെന്ന് കേന്ദ്രസർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) കരാറിലെ ഈ വ്യവസ്ഥ വൈദ്യുത ബോർഡിന് നഷ്ടം വരുത്തുന്നതാകയാൽ ഇതു മാറ്റുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

ഉത്തരം

(എ) യൂണിറ്റൊന്നിന് 2 രൂപ 75 പൈസ നിരക്കിലാണ് താൽക്കാലികാടിസ്ഥാനത്തിൽ നൽകിക്കൊണ്ടിരിക്കുന്നത്.

(ബി) ശരാശരി ഉൽപ്പാദനം നടന്നതായി കണക്കാക്കി പണം നൽകുന്നതിനുള്ള കരാർ ഉണ്ടാക്കിയിട്ടില്ല.

(സി) പ്രസക്തമല്ല.

(ഡി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഇ) വൈദ്യുതി താരിഫ് സംബന്ധിച്ച് എൻ.ടി.പി.സി.യും കേരള സംസ്ഥാന വിദ്യുച്ഛക്തി ബോർഡുമായി ചർച്ചകൾ നടന്നുകൊണ്ടിരിക്കുകയാണ്.

വൈദ്യുതി മോഷണത്തിൽ വൈദ്യുതി ബോർഡുദ്യോഗസ്ഥന്മാർക്കുള്ള പങ്ക്

140 (923)ശ്രീ. കെ.സി. വേണുഗോപാൽ :
ശ്രീമതി ശോഭനാ ജോർജ് :
ശ്രീ. കെ.എ. ചന്ദ്രൻ :
ശ്രീമതി രാധാ രാഘവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതി മോഷണം തടയുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്വീകരിച്ച മുൻകരുതൽ നടപടികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) വൈദ്യുതി മോഷണം മുഖേന പ്രതിവർഷം ഉണ്ടാകുന്ന നഷ്ടം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഗാർഹികമേഖലയിലാണോ വ്യാവസായികമേഖലയിലാണോ കൂടുതൽ വൈദ്യുതി മോഷണം നടത്തുന്നതെന്നകാര്യം കണ്ടെത്തിയിട്ടുണ്ടോ;

(ഡി) വൈദ്യുതി മോഷണത്തിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുന്ന കാര്യത്തിൽ വൈദ്യുതി ബോർഡ് ഉദ്യോഗസ്ഥരുടെ പങ്കിനെക്കുറിച്ച് അറിവുണ്ടോ; അതേപ്പറ്റി അന്വേഷിച്ചിട്ടുണ്ടോ;

(ഇ) വൈദ്യുതി മോഷണംമൂലമുണ്ടാകുന്ന നഷ്ടം കൃത്യമായി പണമടയ്ക്കുന്ന ഉപഭോക്താവിന്റെമേൽ ചുമത്തുന്ന രീതി അവസാനിപ്പിക്കുമോ;

(എഫ്) മോഷണംമൂലമുള്ള നഷ്ടം ബന്ധപ്പെട്ട വൈദ്യുതിബോർഡ് ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കാൻ ആവശ്യമായ നിയമഭേദഗതി നടപ്പിലാക്കുമോ എന്ന് അറിയിക്കുമോ?

ഉത്തരം

(എ) നിലവിലുണ്ടായിരുന്ന ആന്റി പവർ തെഫ്റ്റ് സ്കാഡിന്റെ പ്രവർത്തനം കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്. വൈദ്യുതി മോഷണം തടയുന്നതിനുവേണ്ടി കോഴിക്കോട്ടും, കോട്ടയത്തും ഓരോ ഡെപ്യൂട്ടി ചീഫ് എഞ്ചിനീയർമാരുടെ അധീനതയിൽ സ്പെഷ്യൽ സ്കാഡ് രൂപീകരിച്ച് വൈദ്യുതി മോഷണം കണ്ടെത്തുന്നതിനും മറ്റ് അന്വേഷണങ്ങൾക്കും നേതൃത്വം നൽകിവരുന്ന സംവിധാനം ഈ സർക്കാർ ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, എനർജി താരിഫ് സമ്പ്രദായം നടപ്പിലാക്കാൻ തീരുമാനിച്ചതും വൈദ്യുതി മോഷണം തടയുന്നത് ലക്ഷ്യമാക്കിയാണ്.

(ബി) മോഷണംമൂലം നഷ്ടപ്പെടുന്ന വൈദ്യുതിയുടെ അളവ് പ്രത്യേകമായി ലഭിക്കുകയില്ല. ഒരു വർഷം ഏകദേശം 113 ദശലക്ഷം യൂണിറ്റ് വൈദ്യുതി, പ്രസരണ-വിതരണ നഷ്ടമായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ മോഷണംമൂലം നഷ്ടപ്പെടുന്ന വൈദ്യുതിയുടെ അളവും ഉൾപ്പെടും.

(സി) വ്യാവസായിക മേഖലയിലാണ് കൂടുതൽ വൈദ്യുതി മോഷണം നടക്കുന്നത്.

(ഡി) അപൂർവ്വംചില സന്ദർഭങ്ങളിൽ റിപ്പോർട്ട് ചെയ്യപ്പെട്ടതനുസരിച്ച് ഒരന്വേഷണം നടത്തി നിയമനടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഇ) ഇത്തരം ഒരു രീതി ബോർഡ് സ്വീകരിച്ചിട്ടില്ല.

(എഫ്) ഉദ്യോഗസ്ഥർ നിമിത്തം ബോർഡിന് നഷ്ടം സംഭവിച്ചതായി തെളിഞ്ഞുകഴിഞ്ഞാൽ ആ നഷ്ടം ഉത്തരവാദികളായ ഉദ്യോഗസ്ഥരിൽനിന്നും ഈടാക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly